(ഡി) സംസ്ഥാനത്തെ സാമ്പത്തികനില പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽ പ്രധാന പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകൾ എന്ന ഹെഡിൽ പദ്ധതി വിഹിതം ഒരുമിച്ച് ഉൾപ്പെടുത്തുന്ന രീതി 2013-14 സാമ്പത്തിക വർഷം മുതലാണ് ആരംഭിച്ചിട്ടുള്ളത്. 2011-12 വർഷത്തെ വാർഷിക പ്ലാനിൽ മാറ്റം വരുത്തി കൊണ്ട് മെഗാ പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ഈ പദ്ധതികളിൽ 35-ാം നാഷണൽ ഗെയിംസ് പൂർത്തീകരിച്ചിട്ടുണ്ട്. ചില പദ്ധതികൾ വിവിധ കാരണങ്ങളാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല മറ്റു പദ്ധതികൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) മേജർ പദ്ധതികൾക്കുവേണ്ടി പ്രത്യേകം ഇക വകയിരുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തികനില പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല.

## ഷീ ടോയ്‌ലെറ്റുകൾ

22 (*292) ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ഷീ ടോയ് ലെറ്റുകൾ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള ഷീ ടോയ്‌ലെറ്റുകളിൽ പലതും നോക്കുകുത്തിയാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ളതിനുപുറമേ പുതുതായി ഷീ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നുണ്ടോയെന്നും ഇതിന്റെ അറ്റകുറ്റപണികൾ നടത്തുന്നത് ഏത് ഏജൻസിയാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാളിതുവരെ സംസ്ഥാനത്ത് ഷീ ടോയ്‌ലെറ്റുകൾ സ്ഥാപിച്ച ഇനത്തിൽ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നതിന്റെ കണക്കും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ കണക്കും ലഭ്യമാണോ ; എങ്കിൽ ലഭ്യമായ കണക്ക് നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ ഷീ-ടോയ്‌ലെറ്റ് പദ്ധതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അവലോകനം നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള എല്ലാ ഷീ-ടോയ്‌ലറ്റുകളും പ്രവർത്തനക്ഷമമാണ്.

(സി) വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് ഷീ-ടോയ്‌ലെറ്റ് സ്ഥാപിക്കുക എന്ന പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ 23 ഷീ - ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി കേരളത്തിലുടനീളം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 25 ഷീ-ടോയ്‌ലെറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ 7 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ ഇൻസ്റ്റലേഷൻ അന്തിമഘട്ടത്തിലാണ്. പുതുതായി സ്ഥാപിക്കുന്ന ഷീ-ടോയ്‌ലെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ ഏജൻസികളെ നിയോഗിച്ചിട്ടില്ല.

(ഡി) വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് ഷീ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ച ഇനത്തിൽ 2,51,64,352 രൂപ ചെലവാക്കുകയും ഇവയുടെ അറ്റകുറ്റ പണികൾക്കായി നാളിതുവരെ 21,55,723 രൂപ ചെലവഴിക്കുകയും ചെയ്തു

## ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ്

23 (*293) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടു കരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly